(ബി) ജില്ലതിരിച്ചും സംസ്ഥാനത്തെ പൊതുലിസ്റ്റുകളുടെയും വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇവകളിലേക്ക് എപ്പോൾ റാങ്ക്‌ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ഗവൺമെന്റ് വന്നശേഷം എത്ര ലിസ്റ്റുകൾ ജില്ല-സംസ്ഥാന തലങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങളടങ്ങിയ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ;

(ഇ) പ്രസിദ്ധീകരിച്ച ലിസ്റ്റുകളിൽ എത്രപേർക്ക് വീതം അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ട് ; ജില്ല-സംസ്ഥാന തസ്തികകളുടെ വിശദമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ;

(എഫ്) അഡ്വൈസ് അയച്ചവരിൽ നിയമനം ലഭിക്കാതെ പി.എസ്.സി.യെ സമീപിച്ചവർ എത്രയെന്നും അവർ ഏതെല്ലാം ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടിക്രമം

18 (2120) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുമുമ്പ് സർക്കാർ രൂപീകരിച്ച കമ്മിറ്റിയുടെ അനുമതി വേണമെന്ന നിയമം നിലവിലുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ബി) സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയുമില്ലാത്ത, തനത് ഫണ്ടിൽ നിന്നും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്ന വകുപ്പുകൾക്കും ഈ നിയമം ബാധകമാണോ ;

(സി) അഞ്ചും, എട്ടും വർഷം മുമ്പ് പി.എസ്.സി. അപേക്ഷ ക്ഷണിക്കുകയും ഇവയുടെ റാങ്ക് ലിസ്റ്റ് അടുത്ത കാലത്ത് നിലവിൽ വരുകയും ചെയ്ത ഒഴിവുകളുടെ നിയമന കാര്യത്തിൽ സർക്കാർ തീരുമാനം എന്താണെന്ന് വ്യക്തമാക്കാമോ ;

(ഡി) വർഷങ്ങളായി റാങ്ക്‌ലിസ്റ്റ് നിലവിൽ ഇല്ലാതിരിക്കുകയും, എപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ദിവസവേതനാടിസ്ഥാനത്തിലും ജോലി ചെയ്തു കൊണ്ടിരിക്കുന്നവർക്ക് പകരം പുതുതായി നിലവിൽ വന്ന റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനാനുവാദം തേടുമ്പോൾ സർക്കാർ രൂപീകരിച്ച കമ്മിറ്റി ഒരു വർഷത്തിന് മുമ്പുള്ള ഒഴിവുകളാണെന്ന കാരണം പറഞ്ഞ് നിയമനാനുവാദം നിരസിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ വർഷങ്ങളായി നിയമനം പ്രതീക്ഷിച്ചിരിക്കുന്ന റാങ്ക് ലിസ്റ്റുകളിലെ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനുള്ള അടിയന്തിര നടപടി ഗവൺമെന്റ് കൈക്കൊള്ളുമോ ?

ഉത്തരം

(എ) 24-9-2002-ലെ ജി.ഒ. (പി.) 572/02/ഫിൻ ഉത്തരവു പ്രകാരം ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുമുമ്പ് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിലെ സർപ്ലസ് മാൻപവർ സെല്ലിന്റെ അനുമതി വാങ്ങണമെന്നു വ്യവസ്ഥയുണ്ട്.

(ബി) സർക്കാരിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക സഹായം ലഭിക്കുന്ന എല്ലാ വകുപ്പുകൾക്കും, സ്ഥാപനങ്ങൾക്കും ഈ നിയമം ബാധകമാണ്.

(സി) അധികമുണ്ടെന്നു കണ്ടെത്തിയിട്ടില്ലാത്ത തസ്തികകൾ പി.എസ്.സി. മുഖേന നികത്തുന്നതിന് സർക്കാർ അനുവാദം നൽകുന്നുണ്ട്.

(ഡി) ഇല്ല.

(ഇ) ഉദിക്കുന്നില്ല..

സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റ്

19 (2122) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റ്, പി.എസ്.സി., ലോക്കൽഫണ്ട് ആഡിറ്റ്, അഡ്വക്കേറ്റ് ജനറൽ ഓഫീസ്, വിജിലൻസ് ട്രിബ്യൂണൽ എന്നിവയിലേക്ക് സെക്കന്റ് ഗ്രേഡ് അസിസ്റ്റന്റ് തസ്തികയിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതെന്നാണ് എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേരെ നിയമിക്കുകയുണ്ടായിട്ടുണ്ട് ; അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) മേൽപ്പറഞ്ഞ വിവിധ സ്ഥാപനങ്ങളിൽ നിന്നും ഒഴിവുള്ള തസ്തികകളെല്ലാം റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായോ ;

(ഇ) റിപ്പോർട്ട് ചെയ്യപ്പെട്ട എത്ര തസ്തികകളിലേക്ക് ഇനിയും പി.എസ്.സി.-യുടെ അഡ്വൈസ് മെമ്മോ അയയ്ക്കുവാനുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

(ബി-ഇ) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly